"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കൈപ്പറ്റിയ തുക തിരികെ ഈടാക്കിയ ശേഷം ഐ.എ.വൈ. പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി വൽസല മുരളിയുടെ വീടും സ്ഥലവും വിൽക്കുന്നതതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.451/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 16/02/2021

---

പരാമർശം:- ഗ്രാമ വികസന കമ്മീഷണറുടെ 11/02/2021 ലെ 8753/എച്ച് &ടി 4/സിആർഡി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, പാണ്ടനാട് നോർത്ത്, വല്യാടത്ത് വീട്ടിൽ ശ്രീമതി വൽസല മുരളി 2014-15 സാമ്പത്തിക വർഷത്തിൽ ഐ.എ.വൈ. പദ്ധതി പ്രകാരം 2 ലക്ഷം രൂപ കൈപ്പറ്റുകയും ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തെങ്കിലും ഗുരുതരമായ പ്ലേറ്റ് ലെറ്റ് രോഗം ബാധിച്ച് ചികിത്സയിലായ ടിയാൾ, ഭവന നിർമ്മാണത്തിന്റെ ആവശ്യത്തിനും പെൺമക്കളുടെ വിവാഹ ആവശ്യത്തിനും വേണ്ടി ബാങ്കിൽ നിന്നും എടുത്ത ലോണിന്റെ തിരിച്ചടവ് മുടങ്ങിയത് കാരണം ജപ്തി നടപടികൾ നേരിടുകയും തുടർന്ന് വീടും സ്ഥലവും വിൽക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായി ഗ്രാമ വികസന കമ്മീഷണർ പരാമർശം പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൈപ്പറ്റിയ 2 ലക്ഷം രൂപ തിരിച്ചടയ്ക്കാമെന്നും എന്നാൽ പലിശ ഒഴിവാക്കണമെന്നും ടിയാൾ അപേക്ഷിച്ചിട്ടുള്ളതായും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം എടുത്തിട്ടുള്ളതായും ഗ്രാമ വികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

2.ശ്രീമതി.വൽസല മുരളിയുടെ ഇപ്പോഴത്തെ സാഹചര്യം കണക്കിലെടുത്ത് പലിശയിൽ നിന്നും ഒഴിവാക്കി രണ്ട് ലക്ഷം രൂപ തിരിച്ചടപ്പിച്ച് ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തുമായുള്ള കരാർ റദ്ദ് ചെയ്ത് വീടും വസ്തുവും വിൽക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം പ്രകാരം ഗ്രാമ വികസന കമ്മിഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ വികസന കമ്മിഷണറുടെ റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ, ശ്രീമതി വൽസല മുരളിയുടെ ആരോഗ്യാവസ്ഥയും കുടുംബത്തിന്റെ ദയനീയമായ സാമ്പത്തികസ്ഥിതിയും കണക്കിലെടുത്ത്, മാനുഷിക പരിഗണനന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച്, ശ്രീമതി വൽസല മുരളി ഐ.എ.വൈ ധനസഹായമായി കൈപ്പറ്റിയ 2 ലക്ഷം രൂപ പലിശ കൂടാതെ തിരിച്ചടപ്പിച്ച ശേഷം ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി ഐ.എ.വൈ പദ്ധതി പ്രകാരം ഏർപ്പെട്ട കരാർ റദ്ദ് ചെയ്ത് വീടും വസ്തുവും വിൽക്കുന്നതിന് അനുവദിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ പി. എൻ**

**അണ്ടർ സെക്രട്ടറി**

പകർപ്പ് :ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം

സെക്രട്ടറി, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ

ശ്രീമതി വൽസല മുരളി, വല്യാടത്ത് (H), പാണ്ടനാട് നോർത്ത്, ചെങ്ങന്നൂർ, ആലപ്പുഴ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

വെബ്& ന്യൂ മീഡിയ, ഐ& പി ആർ ഡി

എക്സ്ക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2021.02.16 11:12:53 IST
Reason: Approved

സെക്ഷൻ ഓഫീസർ